**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 398** **07-10-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പഞ്ചായത്തിലെ എ.കെ.ജി നഗർ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പഞ്ചായത്തിലെ എ.കെ.ജി നഗർ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് വേണ്ടി പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി initial levels എടുത്തിട്ടുണ്ട്.തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 37 ലക്ഷം രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) | എ.കെ.ജി നഗർ കോളനിയിലെ 8 റോഡുകളിൽ GSB നിരത്തുന്നതിനും, അതിന് മുകളിലായി 7 റോഡുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിനും, ഒരു റോഡിൽ 130 മീറ്റർ ഇന്റർലോക്ക് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത 130 മീറ്റർ നീളമുള്ള റോഡിന്റെ ഇരുവശങ്ങളിലുമായി മഴവെള്ളം ഒഴുകിപോകുന്നതിനുള്ള ചാലും, പ്രസ്തുത ചാലിന് കുറുകെ വീടുകളിലേയ്ക്കുള്ള വഴികളിൽ സ്റ്റീൽ ഗ്രിൽ സ്ഥാപിക്കുന്നതും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ